(സി) പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ ഫണ്ട് അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നതിനും അതാത് വർഷം തന്നെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ആവശ്യാനുസരണം യഥാസമയം അനുവദിച്ചുനൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിരീക്ഷണവും നിർദ്ദേശങ്ങളും സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് സ്വന്തമായി സുരക്ഷിത പാർപ്പിട സൗകര്യം ഒരുക്കി, സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ടി പദ്ധതി വഴി സർക്കാർ ലക്ഷ്യമാക്കുന്നത്.

മത്സ്യത്തൊഴിലാളി സമാശ്വാസ പദ്ധതി

251 (228) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധന സമയത്ത് ധനസഹായം നൽകുന്ന സമാശ്വാസ പദ്ധതി പ്രകാരമുള്ളതാകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ധനസഹായം യഥാസമയം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമനിധി പെൻഷൻ കുടിശ്ശിക എത്രയാണ്; ഈ ക്ഷേമനിധി പെൻഷൻ യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തതിന് എന്താണ് കാരണമെന്ന് അറിയിക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയുടെ സഹായം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമല്ലാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എന്താണ് കാരണം;

(ഡി) മേൽ പരാമർശിച്ചതുൾപ്പടെയുള്ള മത്സ്യത്തൊഴിലാളികൾക്കുള്ള എല്ലാ പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

ഉത്തരം

(എ) സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പണ്ണമാസക്കാലയളവായ മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലുമാണ് തുക വിതരണം ചെയ്യുന്നത്. 2015-16 വർഷത്തിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി വിഹിതമായ 900 രൂപ മേയ് മാസത്തിലും ഗവൺമെന്റ് വിഹിതം ഒന്നാം ഗഡു തുകയായ 900 രൂപ ജൂൺ മാസത്തിലും രണ്ടാംഗഡു തുകയായ 900 രൂപ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സെപ്റ്റംബർ മാസത്തിലും വിതരണം ചെയ്തിട്ടുണ്ട്. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ മാസത്തിൽ നൽകേണ്ടതായ അവസാന ഗഡു നൽകുന്നതിന് ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 8.82 കോടിരൂപ അനുവദിക്കുകയും ആയത് സെപ്റ്റംബർ മാസം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷനായി തുക ലഭിച്ചത് 2015 ആഗസ്റ്റ് മാസം 24-ന് ആയതിനാലാണ് ജൂലൈ മാസം വിതരണം ചെയ്യേണ്ട തുക സെപ്റ്റംബർ ആദ്യവാരം വിതരണം ചെയ്യേണ്ടിവന്നത്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഗ്രണഭോക്തൃ വിഹിതമായ 900 രൂപ ആഗസ്റ്റ് മാസത്തിലും ഗവൺമെന്റ് വിഹിതം ഒന്നും രണ്ടും ഗഡുക്കൾ സെപ്റ്റംബർ മാസത്തിലും നൽകിയിട്ടുണ്ട്.

(ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്ന മത്സ്യത്തൊഴിലാളി പെൻഷൻ, മരണപ്പെട്ട മത്സ്യ തൊഴിലാളികളുടെ ഭാര്യമാർക്കുള്ള വിധവാ പെൻഷൻ, അനുബന്ധത്തൊഴിലാളി പെൻഷൻ എന്നിവ 2015 ഡിസംബർ മാസംവരെ വിതരണം ചെയ്തിട്ടുണ്ട്. 2016 ജനുവരി മാസത്തെ പെൻഷനാണ് കുടിശ്ശികയായിട്ടുള്ളത്.

(സി) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത ബോട്ടിലെ തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ, ഹാർബറുകളിലെ തൊഴിലാളികൾ എന്നിവർക്ക് ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നുണ്ട്. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യ തൊഴിലാളികൾക്ക് ഒരു രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതി സിവിൽ സപ്ലൈസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(ഡി) എല്ലാ ക്ഷേമപദ്ധതികളും കാലതാമസം കൂടാതെ, ധനസഹായം അർഹരായവരുടെ കൈകളിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമപദ്ധതികളായ പെൻഷൻ, സമ്പാദ്യ സമാശ്വാസ പദ്ധതി, തണൽ എന്നിവയുടെ ആനുകൂല്യം ഡയറക്ട് ബെനിഫിഷറി ട്രാൻസ്ഫർ (DBT) മുഖാന്തരമാണ് ഗ്രണഭോക്താക്കൾക്ക് നൽകിവരുന്നത്.

മത്സ്യത്തൊഴിലാളികളുടെ പഞ്ചമാസ സമാശ്വാസ പദ്ധതി

252 (229) ശ്രീ. എ. കെ. ശശീന്ദ്രൻ:

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന, പഞ്ചമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകാറുള്ള 2700 രൂപ പകുതിയിലേറെപ്പേർക്കും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;